# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 279 — 21/08/2017 ൽ മറുപടിക്ക്

## തെരുവുനായ്ക്കളുടെ ശല്യം നിയന്ത്രിക്കുന്നതിനായി നടപടി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. കെ.ജെ. മാക്സി**<br>**ശ്രീ.പി.ടി.എ. റഹീം**<br>**ശ്രീ.വി. ജോയി**<br>**ശ്രീ.വി. അബ്ദുറഹിമാൻ** | **കെ.ടി. ജലീൽ**<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| **എ)** സംസ്ഥാനത്ത് തെരുവുനായ്ക്കൾ മനുഷ്യരെ കടിച്ചു കൊല്ലുന്ന സംഭവങ്ങൾ ആവർത്തിക്കുന്ന സാഹചര്യത്തിൽ ഇവയുടെ ശല്യം നിയന്ത്രിക്കുന്നതിനായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ അറിയിക്കാമോ; | **എ)** തെരുവുനായ ശല്യം നിയന്ത്രിക്കുന്നതിനായി താഴെ പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ജില്ലാ പഞ്ചായത്തുകളുടെ നേതൃത്വത്തിൽ കുടുംബശ്രീ മിഷൻ, മൃഗ സംരക്ഷണ വകുപ്പ് എന്നിവയുടെ സഹായത്തോടെ എ.ബി.സി. പ്രോഗ്രാം നടപ്പിലാക്കി വരുന്നുണ്ട്. ഗ്രാമപഞ്ചായത്തുകളിൽ എ.ബി.സി. റൂൾ ചട്ടം 4 പ്രകാരം മോണിറ്ററിംഗ് സമിതി രൂപീകരിച്ച് എ.ബി.സി. പ്രോഗ്രാമിന്റെ പുരോഗതി വിലയിരുത്തി വരുന്നു. പൊതു സ്ഥലങ്ങളിലെ മാലിന്യ നിക്ഷേപത്തിനെതിരെ കർശനമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. വളർത്തു നായകൾക്ക് ലൈസൻസും വാക്സിനേഷനും നിർബന്ധമാക്കിയിട്ടുണ്ട്. കുടുംബശ്രീ മൈക്രോ യൂണിറ്റുകൾക്ക് തെരുവുനായകളെ വന്ധ്യംകരിക്കുന്നതിനുള്ള പരിശീലനം നൽകിവരുന്നുണ്ട്. |
| **ബി)** കുടുംബശ്രീ യൂണിറ്റുകളുടെ പങ്കാളിത്തത്തോടെ തെരുവുനായ നിയന്ത്രണം നടപ്പിൽ വരുത്തുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കാനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; | **ബി)** വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 12/04/2017 -ലെ 15.1 നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, തെരുവുനായശല്യം പരിഹരിക്കുന്നതിനുള്ള എ.ബി.സി. പരിപാടിയുടെ നിർവ്വഹണ ഏജൻസിയായി കുടുംബശ്രീയെ കൂടി ഉൾപ്പെടുത്തിക്കൊണ്ടും കുടുംബശ്രീ രൂപീകരിക്കുന്ന എബിസി മൈക്രോ സംരംഭക യൂണിറ്റുകളെ അംഗീകൃത ഏജൻസിയായി ഉൾപ്പെടുത്തിക്കൊണ്ടും 05/05/2017-ലെ സ.ഉ. (സാധാ) 1450/17/തസ്വഭവ. |

| | | |
|---|---|---|
| | | പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാനത്തെ പതിനൊന്ന് ജില്ലകളിലായി കുടുംബശ്രീ ജില്ലാ മിഷൻ ഓഫീസുകൾ മുഖേന സന്നദ്ധരായ കുടുംബശ്രീ പ്രവർത്തകർക്ക് തെരുവുനായ നിയന്ത്രണപദ്ധതിയ്ക്കായി പരിശീലനം നൽകി വരുന്നു. |
| **സി)** | മൃഗജനന നിയന്ത്രണ (എ.ബി.സി) പദ്ധതി ഫലപ്രദമാകാതെ പോയതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | **സി)** മൃഗജനന നിയന്ത്രണ (എ.ബി.സി) പദ്ധതി വളരെ ഫലപ്രദമായാണ് നടപ്പിലാക്കി വരുന്നത്. എങ്കിലും കവറേജ് ഇനിയും വർദ്ധിപ്പിക്കേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ